പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 374 12.06.2012 ൽ മറുപടിയ്ക്ക്

മോഡൽ സെക്ഷൻ പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ നടപ്പാക്കിയ മോഡൽ സെക്ഷൻ പരിഷ്കാരങ്ങളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ട അപാകതകൾ എന്തെല്ലാമാണ് ;<br>(ബി) അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ഉണ്ട്. സെക്ഷൻ ഓഫീസുകളിലെ ഫീൽഡ് ജീവനക്കാർക്ക് പ്രത്യേക സെന്ററുകൾ അനുവദിച്ചു നൽകിയിട്ടില്ലാത്തതുമൂലം ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായും അപകടങ്ങൾ ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വം ഏൽപ്പിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നതായും ചില സെക്ഷനുകളിൽ ഫ്യൂസ് ഓഫ് കോളുകളും ബ്രേക്ക് ഡൗണുകളും പരിഹരിക്കാൻ ബ്രേക്ക് ഡൗൺ വിംഗിലെ ജീവനക്കാർ കൂട്ടമായി സെക്ഷനിലെ വാഹനത്തിൽ പോകുന്നതു മൂലവും, സെക്ഷനുകളിലെ വിസ്തൃതി കൂടുതൽ മൂലവും പരാതികൾ യഥാസമയം പരിഹരിക്കാൻ കാലതാമസം നേരിടുന്നതായുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇതൊഴിവാക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ ഒരേ സമയം പരിഹരിക്കുന്നതിനായി ബ്രേക്ക് ഡൗൺ വിഭാഗത്തിൽ തൽസമയം ഡ്യൂട്ടിയിലുള്ള സ്റ്റാഫിനെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് |

പരാതികൾ പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏരിയ കൂടുതലുള്ള സെക്ഷനുകളിൽ 243 ലൈൻമാൻമാരെ അധികമായി നിയമിക്കാനും അനുവാദം നൽകിയിട്ടുണ്ട്. നിലവിലുള്ള മോഡൽ സെക്ഷൻ സമ്പ്രദായം പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാൻ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർമാരുടെ വിശദമായ റിപ്പോർട്ട് ലഭ്യമായതിന് ശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ